(ബി) തിരുവനന്തപുരം റൂറൽ എൻ. ഇ. എസ്സ്. ബ്ലോക്കിന്റെ വാർഷികം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനെത്ര തുക ചെലവായി ;

(ഡി) വെളിയിൽ പ്രത്യേകിച്ച് ആരെയെല്ലാം ഇതിൽ പങ്കെടുക്കാൻ ക്ഷണിച്ചിരുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) എൻ. ഇ. എസ്സ്. ബ്ലോക്കുകളുടെ വാർഷികം വിവിധ പരിപാടി. തോടുകൂടി നടത്താറില്ല.

(ബി) തിരുവനന്തപുരം റൂറൽ എൻ. ഇ. എസ്സ്. ബ്ലോക്കിന്റെ വാർഷികം നടത്തിയതായി അറിവില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കണ്ടിജൻസി ജീവനക്കാരെ സ്ഥിരം സർവീസിൽ എടുക്കുന്ന നടപടി.

* 112. [20] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) കണ്ടിജൻസി ജീവനക്കാരെ സ്ഥിരം സർവീസിലെടുക്കുന്നതു സംബന്ധിച്ചു ഈ ഗവണ്മെന്റ് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു എന്താണെന്നു വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം പറയുമോ ?

ധനകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) പബ്ലിക് സർവീസ് കമ്മിഷൻ ഉന്നയിച്ചതായ ചില സാങ്കേതിക തടസ്സം നേരിടുന്നതിനുള്ള മാർഗ്ഗം ആലോചിക്കുകയായിരുന്നു.

(ബി,സി) ഈ കാര്യം പബ്ലിക് സർവീസ് കമ്മിഷന്റെ സമ്മതം കൂടാതെ നടത്തുവാൻ പബ്ലിക് സർവീസ് കമ്മിഷന്റെ റെഗുലേഷൻ അനുസരിച്ച് അനുവദിക്കുന്നില്ല. അവരുടെ സമ്മതത്തിനുവേണ്ടി വീണ്ടും എഴുതുകയാണു നടത്തിവരികയാണു്.

ശ്രീ. വി. ശ്രീധരൻ : അവക്കുണ്ടായിട്ടുള്ള വാദതടസ്സം എന്താണെന്നു പറയുമോ ?

ശ്രീ. എ. ജെ. ജോൺ : ഇതു സംബന്ധിച്ച് ഭരണഘടനയിലെ ആർട്ടിക്കിൾ 16 (4) പ്രകാരം ചില വ്യവസ്ഥകളുണ്ട്. അതൊന്നും നോക്കാതെയാണ് ഇവരെ നിയമിച്ചിട്ടുള്ളതു്. ആ സ്ഥിതിക്കു ഇവരെയെല്ലാം റെഗുലർ സർവീസിൽ ഉൾപ്പെടുത്താൻ തുടങ്ങിയാൽ അവ സർവീസ് നടപടികൾക്കു വിരുദ്ധമായിരിക്കും. മറ്റൊന്നുള്ളതു് നിയമനകാലത്തു അവരുടെ വയസ്സുപോലും പരിശോധിക്കാതെയാണ് നിയമിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ : സാധാരണയായി ഇവരും ഗവണ്മെൻറ ജീവനക്കാരെ പോലെ തന്നെ വയ്പ് ; ആ സ്ഥിതിക്ക് ഇവരെ സ്ഥിരം ചാവണക്കാരാക്കിക്കൂടെ ?

ശ്രീ. എ. ജെ. ജാൻ : അതിനുവേണ്ടിയുള്ള എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഇലക്ട്രിക്കൽ വർക്ക് എസ്റ്റാബ്ലിഷ്മെൻറുകളെ ഇങ്ങനെയും ഉള്ള സാങ്കേതിക തടസ്സം കൂടാതെ സ്ഥിരപ്പെടുത്തിയതനുസരിച്ച് ഇവരെയും സ്ഥിരപ്പെടുത്തിക്കൂടെ ?

ശ്രീ. എ. ജെ. ജാൻ : ഇവരെ സംബന്ധിച്ചിടത്തോളം സർവ്വീസ് കമ്മിഷൻറെ അനുവാദം ആവശ്യമാണ്.

സിനിമാതൊഴിലാളികൾ.

✱ 113. [21] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സംസ്ഥാനത്തുള്ള സിനിമാശാലകളിൽ പ്രവർത്തിയെടുക്കുന്ന തൊഴിലാളികൾക്കു തീരെ കുറഞ്ഞ ഒരു ശമ്പളനിരക്കാണ് നിലവിലുള്ളതെന്ന വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഈ സംസ്ഥാനത്തുള്ള സിനിമാശാലകളിൽ പ്രവർത്തിച്ചെടുക്കുന്ന തൊഴിലാളികൾക്കു കുറഞ്ഞ ശമ്പളനിരക്കാണ് നിലവിലുള്ളതെന്ന പരാതി ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : അവർക്കു ശമ്പളം കൂട്ടാൻ വേണ്ടിയുള്ള വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നടപടി സ്വീകരിച്ചിട്ടില്ല; എങ്കിലും അതേപ്പറ്റി ആലോചിക്കുവരുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ . സിനിമാശാലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ മിനിമം വേജസ് ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ ദയവുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കാര്യവും ആലോചിക്കുവരുന്നതാണ്.

തീരുമാനം ചെയ്യാത്ത ഫയലുകൾ.

✱ 114. [22] ശ്രീ. ടി. ഒ. ബാവ : താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സെക്രട്ടറിയേറ്റിൽ മുന്നു കൊല്ലത്തിലധികം പഴക്കമുള്ള എത്ര ഫയലുകൾ തീരുമാനം ചെയ്യാത്തതായിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം സെക്ഷനുകളിലാണ് ?

LIBRARY ARCHIVES Kerala Legislative Assembly